Talented Bankers Literary Panel
പുസ്തക പരിചയം 212.

പരിചയപ്പെടുത്തുന്നത്,
അമിത് കുമാർ,
ഫെഡറൽ ബാങ്ക്,
ഹെഡ് ഓഫീസ്,
ആലുവ.

യാ ഇലാഹി ടൈംസ്
അനിൽ ദേവസ്സി

ഗൾഫ് പശ്ചാത്തലത്തിൽ എഴുതപ്പെട്ടതും 2018 ലെ ഡി സി സാഹിത്യപുരസ്കാരം നേടിയതുമായ നോവലാണ് യാ ഇലാഹി ടൈംസ്.

ഗൾഫ് പശ്ചാത്തലത്തിൽ എഴുതപ്പെട്ടതാണെങ്കിലും സമാനസ്വഭാവമുള്ള മറ്റു മലയാളം നോവലുകളിൽ നിന്ന് യാ ഇലാഹി വ്യത്യസ്തമാവുന്നത് രണ്ടു കാരണങ്ങൾ കൊണ്ടാണ്. മലയാളികളല്ല നോവലിലെ പ്രധാനകഥാപാത്രങ്ങൾ എന്നതാണ് ഒന്നാമത്തെ വ്യത്യസ്തത. പ്രധാനകഥാപാത്രങ്ങൾ മാത്രമല്ല, ഉപകഥാപാത്രങ്ങളായി പോലും മലയാളികളില്ല എന്നതും എടുത്തു പറയേണ്ടതാണ്.

കേരളവും ഗൾഫും തമ്മിലുള്ള ബന്ധവും നോവലിന്റെ വിഷയമാവുന്നില്ല എന്നതാണ് രണ്ടാമത്തെ വ്യത്യസ്തത. പകരം, സിറിയ, തുർക്കി, ലെബനോൺ, ശ്രീലങ്ക, തമിഴ്നാട്, കാനഡ, ഈജിപ്റ്റ്, ഫിലിപ്പീൻസ് തുടങ്ങിയ ഇടങ്ങളാണ് നോവലിലെ പ്രധാന ഭൂമിശാസ്ത്രപ്രദേശങ്ങൾ.

സിറിയക്കാരനായ അൽത്തേബിന്റെ അനുഭവങ്ങളും, അൽത്തേബിന് തന്റെ ബാബയും മാമയും സഹോദരനായ അൽത്തേസും ഒക്കെ അയയ്ക്കുന്ന വാട്ട്സപ്പ് സന്ദേശങ്ങളുമൊക്കെയായാണ് കഥ പുരോഗമിക്കുന്നത്.

ശ്രീലങ്കക്കാരനായ അതുരതരംഗയും തമിഴ്നാട്ടുകാരിയായ കാമുകി നളിനകാന്തിയും കഥയിലേക്കു കടന്നുവരുന്നതോടെ മലയാളികളായ നമുക്ക് ഒരു 'നമ്മ നാട്ടു കഥൈ' ഫീൽ വന്നു തുടങ്ങുന്നു. വലിയൊരു മാളിൽ ശുചീകരണ തൊഴിലാളികളായ അവർ, ഒരുമിച്ചുള്ള ജീവിതത്തിന് ഏതുവിധേനയും വീട്ടുകാരെ സമ്മതിപ്പിച്ചിരിക്കുകയാണ്. വിവാഹത്തിനായി നാട്ടിലേയ്ക്കു പോവുകയാണ് അവർ.

അൽത്തേബിനാവട്ടെ, നാട്ടിലെ ആഭ്യന്തരപ്രശ്നങ്ങൾ മൂലം അവധിയെടുത്ത് വീട്ടുകാരെ കാണാൻ പോവാനാവാൻ പറ്റിയ അവസ്ഥയല്ല ഉള്ളത്. ഒരു പടി കൂടി കടന്ന്, അൽത്തേബിന്റെ

വീട്ടുകാരാവട്ടെ തങ്ങളുടെ എല്ലാമുപേക്ഷിച്ച് ഈജിപ്റ്റ് വഴി കാനഡയിലേക്കും മറ്റും കടക്കാനുള്ള പ്രയത്നത്തിലുമാണ്. എന്നാൽ, ജനിച്ച നാടുപേക്ഷിച്ച് രക്ഷപെടാൻ മടിച്ചു നിൽക്കുകയാണ് അൽത്തേബിന്റെ ബാബ.

അൽത്തേബിന്റെ സഹോദരൻ അൽത്തേസിന് കാനഡയിൽ എന്താണു സംഭവിക്കുന്നത് എന്നതൊക്കെ നോവൽ വായിച്ചു തന്നെ അറിയേണ്ടതാണ്.

ഇതു മാത്രമല്ല, അതുരതരംഗയുടേയും നളിനകാന്തിയുടേയും വിവാഹകാര്യത്തിൽ എന്തുസംഭവിക്കുന്നു എന്നും ഫ്രഞ്ച് ഡോക്ടറായ നിക്കോളാസിനും ഭാര്യ റേയ്ച്ചലിനും ജീവിതത്തിൽ നേരിടേണ്ടി വന്നത് എന്താണെന്നും ഉള്ളതൊക്കെ ഇവിടെ വിവരിക്കുന്നില്ല.

വേശ്യാവൃത്തി സ്വീകരിക്കുന്ന ഫിലിപ്പീൻസുകാരി മാർഗരറ്റും മഹാചതിയനായ കൊക്കൂസും മാർഗരറ്റിന്റെ സഹോദരൻ മൈക്കിളുമെല്ലാം നോവലിലെ മറ്റുകഥാപാത്രങ്ങൾ മാത്രമല്ല സ്വതന്ത്രവ്യക്തിത്വങ്ങൾ തന്നെയാണ് എന്നതും എടുത്തുപറയേണ്ടതാണ്.

സിറിയക്കാരനായ അൽത്തേബുമായി സിറിയയുടെ 'ശത്രുരാജ്യമായ' ലെബനോണിലെ പൗരനും അൽത്തേബിന്റെ മേലധികാരിയുമായിട്ടുള്ള അർമൂറിനുള്ള ബന്ധം മലയാളികളെ സംബന്ധിച്ച് തികച്ചും പുതുമ നിറഞ്ഞ ഒന്നായിരിക്കും. സിറിയ ലെബനോണിനോടു ചെയ്ത ക്രൂരതകൾക്ക് അർമൂർ തന്റെ കീഴ്ജീവനക്കാരനായ സിറിയക്കാരനെ പീഡിപ്പിച്ചാണ് പകരം വീട്ടുന്നത്.

രാഷ്ട്രീയം, മതം എന്നിവ കൂടിച്ചേർന്നു കുഴഞ്ഞ് എങ്ങനെയാണ് മനുഷ്യജീവിതത്തെ താറുമാറാക്കുന്നതെന്ന് യാ ഇലാഹിയിൽ വളരെ ഹൃദയസ്പൃക്കായി അനിൽ ദേവസ്സി വരച്ചിരിക്കുന്നു എന്നു നിസ്സംശയം പറയാം.

പ്രസാധകർ: ഡി സി ബുക്ക്സ്
വില: 190/- രൂപ